
അരിച്ചിറങ്ങുന്ന വെളിച്ചം

# മാഗസിൻ സമിതി

ചീഫ് എഡിറ്റർ

വിനോദ്കുമാർ

ഹെഡ് മാസ്റ്റർ

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്,പുതുപ്പരിയാരം

എഡിറ്റർ

പ്രീത.സി, എച്ച്.എസ്.എ. മലയാളം

അംഗങ്ങൾ

ടി.വി.ഷാജി

എച്ച്.എസ്.എ.ഫിസിക്കൽ സയൻസ്

അബ്ദുൾ മനാഫ്-9-എ

ഹരികൃഷ്ണൻ-9-എ

സഞ്ജയ് കിരൺ-9-ബി

അശ്വിൻ-9-എ

ഫർദീന-9-എ

അമാന പർവീൺ-9-ബി

# ആശംസ

കാലത്തിന്റേയും,ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും,അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്.കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് തലമുറകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.അതിന്റെ ഭാഗമായാണ് ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു

ഹെഡ്മാസ്റ്റർ
സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്
പുതുപ്പരിയാരം

# ആശംസ

ഭാവിസമൂഹം രൂപപ്പെടുന്നത് നമ്മുടെ ക്ലാസ് മുറികളിലാണ്. ഓരോ കുട്ടികളുടേയും സമഗ്രവളർച്ചക്കും അവരിലെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും വിദ്യാലയത്തിൽ അവസരം ലഭിക്കണം.ആ ഒരു തിരിച്ചറിവിന്റെ ഭാഗമാണ് അരിച്ചിറങ്ങുന്ന വെളിച്ചം എന്ന ഈ ഡിജിറ്റൽ മാഗസിൻ.ലിറ്റിൽ കൈറ്റ്സിന്റെ ഈ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

പ്രിൻസിപ്പാൾ
സി.ബി.കെ.എം.ജി.എച്ച്.എസ്,എസ്
പുതുപ്പരിയാരം

# ആശംസ

പുരോഗമനചിന്തയിലൂടെ പല സാഹചര്യങ്ങളെ അതിജീവിച്ചുണ്ടായ ആധുനികസംസ്കാരത്തിന്റെ നട്ടെല്ലെന്നു വിശേഷിപ്പിക്കുവാനുള്ളതരത്തിൽ ലോകത്ത് ഇന്ന് ഇൻഫർമേഷൻ ടെക്നോളജി മാറിയിരിക്കുകയാണ്.ഈ കാലഘട്ടത്തിലാണ് നമ്മുടെ ഹൈസ്കൂൾ വിഭാഗം ഐ.ടി.ക്ലബ്ബ് ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത്.ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

പി.വി.കൃഷ്ണദാസ്

പി.ടി.എ.പ്രസിഡന്റ്

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

പുതുപ്പരിയാരം

# ആശംസ

അറിവ് അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുകയാണ്.പഴയ അറിവുകൾ തിരുത്തപ്പെടുകയോ,പൂർണമാക്കപ്പെടുകയോ ചെയ്യുന്നു.ഓരോ കാലവും കുട്ടികളിൽ നിന്നാവശ്യപ്പെടുന്നത് വ്യത്യസ്തമായ കഴിവുകളാണ്.ഇന്നത്തെ കാലത്തിന്റെ ആവശ്യം സാങ്കേതികമികവാണ്.അതിന്റെ ഭാഗമായുള്ള ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ബഷീർ
എസ്.എം.ഡി.സി.ചെയർമാൻ
സി.ബി.കെ.എം.ജി.എസ്.എസ്
പുതുപ്പരിയാരം

# വിദ്യാലയചരിത്രം

പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം പഞ്ചായത്തിൽ 34 വർഷമായി പ്രശസ്തനിലയിൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയമാണിത്.ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.സി.ബി.കുഞ്ഞിപ്പയുടെ നേതൃത്വത്തിൽ ഒരുകൂട്ടം വിദ്യാഭ്യാസസ്നേഹികളുടെ കൂട്ടായ കഠിനപ്രയത്നത്തിന്റെ സാക്ഷാത്കാരമാണ് ഈ വിദ്യാലയം.27-09-1984-ലാണ് രൂപം കൊള്ളുന്നത്.3 അധ്യാപകരും,ഒരു 26 കുട്ടികളുമായി ഒരു എട്ടാംക്ലാസ് മാത്രമായാണ് വാടകക്കെട്ടിടത്തിൽ സ്കൂൾ ആരംഭിച്ചത്.2000-ത്തിൽ ഈ സ്ഥാപനം ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു.

# മായാജാലം

അറിയാതെ ആദ്യമായി അറിയുന്ന-
ഞാനിതാ പരീക്ഷണങ്ങളുടെ മായാജാലം.
അരുതെന്നു പറയുന്ന ഓരോന്നുമറി-
യാതെ പരിക്ഷിച്ചു പോകുന്ന കൗമാരകാലം.
കൗമാരകാലത്തിൽ വ്യത്യസ്ഥതകളാൽ-
മുന്നോട്ടു പോകുന്നു നാം എല്ലാരും.
ചോരത്തിളപ്പാർന്ന കാലമാകുന്നുവോ
നാം അറിയുന്ന കൗമാരകാലം.
വ്യത്യസ്ത കാര്യങ്ങൾ വ്യത്യസ്ത മാർഗങ്ങൾ
അറിയാതെ തേടി അലഞ്ഞിടുമീ ...കാലം.
നമ്മെ നിയന്ത്രിക്കും ശക്തികളോരോന്നും
ഒന്നും അല്ലന്ന് തോന്നും കാലം.
അറിയാതെ ആദ്യമായി അറിയുന്ന-
ഞാനിതാ പരിക്ഷണങ്ങളുടെ മായാജാലം.

# ഓയിൽ സംരക്ഷണം

താപ ഊർജ്ജം ,പ്രകാശഊർജ്ജം , എന്നിവ ലഭിക്കാൻ പ്രധാനമായും ഉപയോഗിക്കപ്പെടുന്ന പ്രകൃതിദത്ത വിഭവങ്ങളിൽ ഒന്നാണ് നവീകരിക്കപ്പെടാത്ത ഇന്ധന വിഭവം ഭൂരിഭാഗം ഫോസിൽ ഇന്ധനങ്ങളില്ലും വച്ച് പ്രധാനമാണ് ഫോസിൽ ഇന്ധനങ്ങൾ, അവ മനുഷ്യരിൽ നിന്നോ. ക്രൃത്രിമമായി നിർമ്മിക്കുന്നവയോ ആണ് ഈ ഇന്ധനങ്ങൾ, പരിമിത അളവിൽ മാത്രമേ ലഭ്യമാകു , അവ വിലയേറിയ പ്രകൃതി വിഭവങ്ങളിൽ ഒന്നാണ്

ഭൂമിയുടെ പുറംതോടിനു കീഴെ കുഴിച്ചിട്ട ചാവു കടലുകളും മൃഗങ്ങളും ഫോസിൽ ഇന്ധനങ്ങൾ അവശേഷിക്കുന്നു. പെട്രോളിയം ,കൽക്കരി ,പ്രകൃതി

വാതകം , എണ്ണ തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ അവശേഷിക്കുന്നു; നമ്മുടെ ജീവൻ ശക്തിപ്പെടുത്തുന്നു

ഈ ഇന്ധനങ്ങൾ ഫാക്ടറികളിൽ മാത്രമല്ല അടുക്കളയിലെ വീടുകളിതും ഉപയോഗിക്കുന്നുണ്ട് .

# ഒരു പണക്കണക്ക്

ഒരു പണം തരാം ഒരോലത്തൊപ്പി തരാം
രണ്ടുപണം തരാം ഞണ്ടുവാങ്ങിത്തരാം
മൂന്നുപണം തരാം മൂക്കുകുത്തിത്തരാം
നാലുപണംതരാം നാടുകാട്ടിത്തരാം
അഞ്ചുപണംതരാം കൊഞ്ചുവാങ്ങിത്തരാം
ആറുപണം തരാം കാറുവാങ്ങിത്തരാം
ഏഴുപണംതരാം എഴുത്തോലതരാം
എട്ടുപണംതരാം പെട്ടിവാങ്ങിത്തരാം
ഒമ്പതുപണംതരാംഒട്ടുമാങ്ങതരാം
പത്തുപണംതരാംപട്ടുവാങ്ങിത്തരാം

# കൗമാരത്തിലെ പ്രായത്തിലെ ലഹരികൾ

എൻ മകനെ പെണ്ണുപോലെ വളർത്തി
കൗമാര പ്രായത്തിൽ അമ്മയെ നോക്കും എന്ന്...
വിചാരിച്ചു പോയി.നളെയുടെ താരം എന്ന്
വിചാരിച്ച്പോയി.ഇരവിനെ പകൽ ആക്കും എന്ന്...
വിചാരിച്ചുപോയി.നല്ല ജിവിതം കളിക്കും എന്ന് തോന്നി......

എന്നിട്ടും അവൻ ലഹരിയുടെഅടിമയായി. അമ്മയെ വിട്ട് ലഹരി പിടിച്ചു

എൻ മകൻ.നളെയുടെ പ്രതീക്ഷ ലഹരിയിൽ തകർന്നു
മകനുവേണ്ടി ഇരവും പകലാക്കി പണിയെടുത്തു...
കൗമാര പ്രായം ലഹരിയുടെ പ്രായമാണ്എന്ന കാര്യം അറിഞ്ഞില്ല. എന്തെല്ലാം കാര്യം പറഞ്ഞു
എന്ന കാര്യം അറിഞ്ഞില്ല. എന്തെല്ലാം കാര്യം പറഞ്ഞു ഞാൻ,എന്നിട്ടും നീ എൻ വാക്കിൻ വിലനൽകിയില്ല.
കൗമാര പ്രായം ലഹരി പ്രായം
കൗമാര പ്രായം പ്രതീക്ഷ നശിപ്പിച്ച കാലം....

# പഞ്ചതന്ത്രം കഥകൾ...

പണ്ട് പണ്ട് ദക്ഷിണപഥത്തിൽ മഹിളാരോപ്യം എന്ന ഒരു രാജ്യമുണ്ടായിരുന്നു. ആ രാജ്യം ഭരിച്ചിരുന്നത് അമരശക്തി എന്ന പേരുള്ള ഒരു രാജാവായിരുന്നു. അമരശക്തിക്ക് വസുശക്തി, ഉഗ്രശക്തി, അനേകശക്തി എന്നീ മൂന്ന പുത്രന്മാരുണ്ടായിരുന്നെങ്കിലും അവരെ കുറിച്ചോർത്ത് രാജാവ് സദാ ദുഃഖിതനായിരുന്നു. മറ്റ് കുട്ടികളെ അപേക്ഷിച്ച് ഒട്ടുംതന്നെ പ്രായോഗികബുദ്ധി ഇല്ലാത്തവരും ബുദ്ധിശൂന്യരുമായിരുന്നു അവർ.

തന്റെ കാലശേഷം രാജ്യത്തിന്റെ ഭാവി എന്താവുമെന്നോർത്ത് രാജാവ് ചിന്താധീനനായി. എന്തുവില കൊടുത്തും തന്റെ പുത്രന്മാരെ കഴിവുള്ളവരാക്കി തീർക്കണമെന്ന് രാജാവ് നിശ്ചയിച്ചു.

പിറ്റേന്നുതന്നെ അമരസിംഹൻ തന്റെ ദർബാർ വിളിച്ചുകൂട്ടി.
അദ്ദേഹം മന്ത്രിമാരോടായി പറഞ്ഞു.
“രാജകുമാരന്മാരുടെ അവസ്ഥ എന്തെന്ന് എന്നേക്കാൾ നന്നായി നിങ്ങൾക്കറിയാമല്ലോ? അവരെ ബുദ്ധിമാന്മാരാക്കുക എന്നത് പ്രധാന ദൗത്യമായി മാറിയിരിക്കുന്നു. അതിനുള്ള മാർഗങ്ങൾ എത്രയും വേഗം കണ്ടെത്തേണ്ടതുണ്ട്. ”

ചർച്ചയിൽ പല ഉപദേശങ്ങളും കടന്നുവന്നു.
അതിൽ ഏറ്റവും സ്വീകാര്യമായത് അവരെ വിഷ്ണുശർമനരികിൽ വിദ്യയഭ്യസിക്കുവാനയയ്ക്കുക എന്നതായിരുന്നു. മഹാപണ്ഡിതനും അതിബുദ്ധിമാനുമായ വ്യക്തിയായിരുന്നു വിഷ്ണുശർമൻ.

ഒട്ടും വൈകാതെ വിഷ്ണുശർമൻ കൊട്ടാരത്തിലെത്തി.

അമരസിംഹൻ യഥാവിധി അദ്ദേഹത്തെ കൊട്ടാരത്തിലേക്കാനയച്ചു. പണ്ഡിതനോട് തന്റെ പുത്രന്മാരുടെ അവസ്ഥയെക്കുറിച്ച് അദ്ദേഹം വിശദമായി പറഞ്ഞു മനസിലാക്കി.

തന്റെ പുത്രന്മാരെ സത്ബുദ്ധിയുള്ളവരാക്കുക, തന്റെ കാലശേഷം മികച്ച ഭരണാധികാരികളായി മാറുവാനുള്ള പരിശീലനം നൽകുക എന്നിവയായിരുന്നു അമരസിംഹൻ മുന്നോട്ടുവച്ച അവശ്യങ്ങൾ.

രാജാവിന്റെ ആവശ്യങ്ങൾ സശ്രദ്ധം കേട്ടിരുന്ന വിഷ്ണുശർമൻ സസന്തോഷം ആ വെല്ലുവിളി സ്വീകരിച്ചു.

അവരെ ഗുരുകുലസമ്പ്രദായത്തിൽ തന്നോടൊപ്പം നിർത്തി വിദ്യ അഭ്യസിക്കാമെന്ന് അദ്ദേഹം രാജാവിനെ അറിയിച്ചു.

ഒരു രാജാവിന് അറിഞ്ഞിരിക്കേണ്ട നീതിശാസ്ത്രമുൾപ്പെടെ സകല ധർമശാസ്ത്രങ്ങളും

അഭ്യസിപ്പിച്ച് അവരെ പ്രബുദ്ധരാക്കാനായി അദ്ദേഹം വാക്കുനൽകി.

തുടർന്ന് രാജകുമാരന്മാർ വിഷ്ണുശർമനോടൊപ്പം പുറപ്പെട്ടു. അവരെ പ്രബുദ്ധരാക്കാനായി അദ്ദേഹം പഞ്ചതന്ത്രം എന്ന ശ്രേഷ്ഠഗ്രന്ഥം രചിച്ചു.

# വാക്കുകൾകൊണ്ടുള്ളകളി

ഇതാ, വക്കുകൾകൊണ്ടുള്ള രസകരമായ ഒരു കളി! ചെയ്യേണ്ടത് ഇത്രമാത്രം: ‘ആന’ യെ ‘ പുലി ’ യാക്കണം ! അതായത്, ‘ആന’ എന്ന
വക്കിലെ ഓരോ അക്ഷരങ്ങളായി മാറ്റിമാറ്റി ‘പുലി’ എന്ന
വക്കിലെത്തണം,ഇതാ, ഒരുവഴി നോക്കു

ആന – പന – പടം - കടം -

കുലി - പുലി

എന്നാൽ, ഇതിലും എളുപ്പത്തിൽ ‘ആന’ യെ ‘പുലി’ യാക്കാം.
ഇതാ, നോക്കൂ:

ആന – ആട്ട് - പുട്ട് - പുലി

ഇതുപോലെ ‘പക്ഷി’ യെ ‘മൃഗം’ ആകാമോ? എറ്റവും
കുറച്ചുവാക്കുകൾ ഉപയോഗിച്ച് പക്ഷി യെ മൃഗം
ആകുന്നതിലാണ് മിടുക്ക്. ശ്രമിച്ചു നോക്കൂ.

# കൗമാരം

ബാല്യമാം ആപടി കേറികഴിഞ്ഞതും
കൗമാരമാണെത്ര രണ്ടാംപടി
ബല്യത്തിനേക്കാളും
കഠിനാണെന്നൊരു കേൾവിയെനിക്കുമുണ്ട്

തുമ്പയും മുക്കുറ്റിയും മറന്നക്കാലം
പറമ്പിലെ ചെളയിൽ കളിച്ചകാലം
ഇന്നിതാഫോണിലെ കാഴ്ചയിൽ
മുഴുകുന്നകാലമണെന്നുടെ കൗമാരം

മിന്നമിനുങ്ങും അമ്പിളിമാമനും
ഒത്തുചേർന്നെന്നോട്ട കളിച്ചകാലം
ആ ചോയകാലത്തിലെ ഓർമകളൊന്നും
വാർത്തെടുക്കാൻ കഴിയുകില്ല.

അയലത്തെവീട്ടിലെ പച്ചപുളിയും
കോമാങ്ങയുമെല്ലാം കട്ടുതിന്നക്കാലം
ഞാൻ വളർന്നിതാ കൗമാരമായല്ലാ

എന്റെ അറിവും ഉദിച്ചുയരാം

എന്തുവാണാവോ എനിക്കറിയുകയില്ല

ആ സ്മരണകൾ ഇന്ന് എന്നിലെ

തേങ്ങലായി.....

# ഉപന്യാസം

## വിഷയം:ലോക കൗമാരദിനം

അച്ഛനും അമ്മയും സ്വന്തം മക്കൾ ജനിക്കുമ്പോൾ കാണുന്നത് ഓരോ ചലനങ്ങളും കണ്ട് ആസ്വദിച്ച് നാളയുടെ വാഗ്ദാനമാക്കി വളർത്തുവാൻ അവർ ആഗ്രഹിക്കുന്നു.

അങ്ങനെ വിയർപ്പും അധ്യനവുമായി അവർ വളരെയേറെ പ്രതീക്ഷകളോടെ മക്കളെ വളർത്തുവാൻ തുടങ്ങുന്നു. അവരിലൂടെ നടക്കാതെ പോയ പല ആഗ്ര- ഹങ്ങളും അവർ സ്വന്തം മക്കളിലൂടെ നിറവേറ്റുവാനായി ആഗ്രഹിക്കുന്നു.

അതിനായി അവർക്ക് നല്ലരീതിയിലുള്ള വിദ്യാഭ്യാസവും വസ്ത്രങ്ങളും അങ്ങനെ അവർക്കാവശ്യ- മായ എല്ലാ സൗകര്യങ്ങളും എത്ര

കഷ്ട്തകളുണ്ടെങ്കിലും അത് മക്കളെ അറിയിക്കാതെ അവരെ വളർത്തി വരുന്ന മാതാ പിതാക്കളെയാണ് നാം കാണുന്നത് എന്നാൽ ചെറുപ്പം മുതൽ തന്നെ വളരെ നന്നായി അടുത്ത എല്ലാകാര്യങ്ങ എല്ലാകാര്യങ്ങളും തുറന്നു പറയുന്ന മക്കൾ കൗമാരത്തിലെത്തുമ്പോൾ ഒരു അകൽച്ച

ഉണ്ടാകുന്നു പ്രധാനമായും കൗമാരപ്രായം വളരെയധികം ശ്രദ്ധിക്കേണ്ടോരു സമയം തന്നെയാണ്. ആൺക്കുട്ടിയാണെങ്കിലും പെൺക്കുട്ടിയാണെങ്കിലും വളരെയേറേ ശ്രദ്ധപുലർത്തേണ്ടത് നിർബന്ധമാണ് കൗമാരപ്രായത്തിൽ സ്വന്തമായി വ്യക്തമായ ഒരു തീരുമാനം എടുക്കുവാൻ കൗമാരക്കാർക്ക് അസാധ്യമായൊരു കാര്യമാണ്. പ്രധാനമായും വഴി തെറ്റുവാനുള്ള കാരണം. പ്രായത്തിൽ കവിഞ്ഞുള്ള സൗഹൃദമാണ്. സ്വന്തം പ്രായത്തിലുള്ള കുട്ടികളുടെ കൂടെ കൂട്ടു കൂടാതെ

പ്രായത്തിൽ മുതിർന്ന കുട്ടികളുമായി സൗഹൃദം പുലർത്താൻ ശ്രമിക്കുന്നവർ ഏറെയാണ്
അത് പരമാവധി ഒഴിവാക്കുന്നതായിരിക്കും നമ്മുടെ ഭാവിക്ക് നല്ലത്. ഇത് പറയാനുള്ള കാരണം എന്താണെന്നാൽ അവരോടൊത്ത് കൂട്ടുകൂടുമ്പോൾ അവർ
ചെയ്യുന്ന പലകാര്യങ്ങളും ഇവർ അനുകരിക്കാനായി ശ്രമിക്കും എന്നുള്ളതിൽ സംശയം ഇല്ല.
പ്രധാനമായും ലഹരിയുടെ വഴിയിലൂടെ സഞ്ചരിക്കാൻ സധ്യതയുള്ള ഒരു സമയം കൂടിയാണ് കൗമാര പ്രായക്കാലം. ഒരു കുട്ടി ഒരു തവണ ലഹരിക്കടിമപ്പെട്ടാൽ അതിൽ നിന്നും അവന് മോചനം ലഭിക്കുക എന്നത് അസാധ്യമായകാര്യം തന്നെയാണ് അതുപോലെ ഏറ്റവും അധികം സ്നേഹവും
പരിചരണവും അവർക്കാവശ്യമായ സമയവും കൂടിയാണ്

കൗമാര പ്രായം.
മാതാപിതാക്കൾ ഏറ്റവും ശ്രദ്ധിക്കേണ്ടകാര്യം എന്താണെന്ന് പറഞ്ഞാൽ സ്വന്തം മക്കൾക്ക് ആവശ്യമായ സാധനങ്ങൾ മാത്രം വാങ്ങികൊടുക്കുകയല്ല ഒരു മാതാപിതാക്കളുടെ ധർമ്മം പകരം കുറച്ച് സമയം അവരുമായി സംസാരിച്ച് എല്ലാ
കാര്യങ്ങളും തുറന്നു പറയുകയും അവർക്കാവശ്യമായ നിർദ്ധേശങ്ങളും എന്തെങ്കിലും പ്രയാസങ്ങളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അത് തുറന്ന് സംസാരിച്ച് എന്താണ് അതിനുള്ള നല്ല പ്രതിവിധി കണ്ടെത്തുക എന്നതാണ് പ്രധാനമായും മാതാപിതാക്കൾ ചെയ്യേണ്ടത് . അവർക്ക് എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അതെ ഒരു മടിയും കൂടാതെ ധൈര്യത്തോടെ

പറയുവാൻ സ്വന്തം മാതാപിതാക്കൾ അവർക്കൊപ്പമുണ്ടെന്നുള്ള വിശ്വാസം അവരുടെയുള്ളിൽ
വളർത്തുക എന്നതും ഒരു സധാനമായ കാര്യം തന്നെയാണ് എന്നും മക്കൾക്ക് താങ്ങും തണലുമായി അവർക്ക് എല്ലാ പിന്തുണയും നൽകി അവരെ മുന്നോട്ടു നയിക്കട്ടെ ഓരോ കൗമാരക്കാരും നാളെയുടെ ഒരായിരം പ്രതിക്ഷ നിറഞ്ഞ യുവാക്കളാണെന്ന കാര്യം
ഓർമ്മിപ്പിച്ചുകൊണ്ട് നമ്മുക്ക് നമ്മുടെ കൗമാരക്കാരെ നേർവഴിക്ക് നയിച്ച് നല്ലൊരു തലമുറയെ വളർത്തെടുക്കാം.അതാകട്ടെ ഓരോരുത്തരുടെ ലക്ഷ്യം
.
നല്ലൊരുനാളെക്കായ് നമുക്ക് കൈകോർക്കാം

# നമുക്കറിയേണ്ട ഗുണപാഠങ്ങൾ

- ജീവന് അപകടകരമായ പ്രവൃത്തികൾ ഒഴിവാക്കാം
  ജിവനും പ്രക്രതിയും സംരക്ഷിക്കാം

- അന്തരീക്ഷത്തെ വിഷമയമാക്കുന്ന പ്രവൃത്തികൾ
  നമുക്ക് ഒഴിവാക്കാം ശുദ്ധവായു ശ്വസിക്കാം.

- മാലിന്യം സൃഷ്ടിക്കുന്നവർ തന്നെ അത് ശരിയായി സംസ്കരിക്കുകയും വേണം. നമ്മുടെ പരിസരം മാലിന്യ കുമ്പാരമായി മാറാൻ അനുവദിക്കരുത്.

- പരിസ്ഥിതി സൗഹൃദമല്ലാത്ത പ്ലേറ്റുകളും കപ്പുകളും ഉപയോഗിക്കുന്ന ഭക്ഷണശാലകളിൽ നിന്ന് ഭക്ഷണം കഴിക്കാതിരിക്കാം.

• മാലിന്യം കുട്ടിയിട്ട് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമസഭാ അധികാരികളെ അറിയിക്കാം.

• മാലിന്യം വലിച്ചെറിയാതിരിക്കാം.വലിച്ചെറിയുന്നവരെ ബോധവൽക്കരിക്കാം.നിയമലംഘനങ്ങൾ അധികാരികളുടെ ശ്രദ്ധയിലെത്തിക്കാം.

• ജലം ജീവാമൃതമതാണ്.ജലസ്രോതസ്സുകൾ മാലിന്യം കലരാതെ പവിത്രമായി സൂക്ഷിക്കാം.ജലത്തിൽ വിഷം കലക്കുന്നവർക്കെതിരെ അണിനിരക്കാം.

• കക്കൂസ് മാലിന്യവും ഇറച്ചി മാലിന്യവും ശേഖരിക്കാനെത്തുന്നവർ അവ സുരക്ഷിതമായാണ്

സംസ്കരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയായി ഏറ്റെടുക്കാം.

- ഹോട്ടലുകളുടേയും ഭക്ഷണശാലകളുടെയും മുൻഭാഗത്തെ ഭംഗിയും ആഢംബരങ്ങളുമല്ല പിൻഭാഗത്തെ സ്ഥിതിയും മാലിന്യസംസ്കരണസംവിധാനങ്ങളുമാണ് ഉറപ്പു വരുത്തേണ്ടത് .

- വൃത്തിയുള്ള മംസം,വൃത്തിയിള്ള അന്തരീക്ഷത്തിൽ ലഭിക്കേണ്ടത് നമ്മുടെ അവകാശമാണ്.

- ആരോഗ്യം സമ്പത്ത്.സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം

- ദ്രവമാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാം. പാഴ്ജലം പുനചംക്രമണം ചെയ്ത് പുനരുപയോഗിക്കാം.

# ഒരമ്മക്കിളിയും ഒരുകുഞ്ഞിക്കിളിയും

ഒരുദിവസം ഒരമ്മക്കിളിയും കുഞ്ഞിക്കിളിയും തീറ്റതേടിപ്പോയി.അപ്പോൾ ഒരു വേട്ടക്കാരൻ വന്നു.വേട്ടക്കാരന്റെ നേരെ ഒരുമരം ഉണ്ടായിരുന്നു.ആമരത്തിൽ അമ്മക്കിളിയും കുഞ്ഞിക്കിളിയും മരത്തിന്റെ കൊമ്പിൽ ക്ഷീണിച്ചിരിക്കുന്നുണ്ടായിരുന്നു.വേട്ടക്കാരൻ വേഗം തോക്കെടുത്തു.അപ്പോഴേക്കും അമ്മക്കിളി വേട്ടക്കാരനെ കണ്ടു.അമ്മക്കിളിയും,കുഞ്ഞിക്കിളിയും പറന്ന് ഒരു മലയുടെ പിന്നിൽ മറഞ്ഞിരുന്നു. അവരെ വേട്ടക്കാരൻ കണ്ടില്ല.അയാൾ നടന്നുനടന്നുപോയി.അങ്ങനെ അമ്മക്കിളിയും കുഞ്ഞിക്കിളിയും പറന്നു വീട്ടിലേയ്ക്കുതന്നെപോയി.

# സാഹിത്യക്വിസ്

1.കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ?

എഴുത്തച്ഛൻ

2.ലോകത്തിലെ ഏറ്റവും വലിയ ഇതിഹാസകാവ്യം?

മഹാഭാരതം

3.മലയാളത്തിലെ ആദ്യത്തെ നോവൽ?

കുന്ദലത

4 പാവങ്ങൾ എന്ന നോവൽ എഴുതിയതാര്?

വിക്ടർ ഹ്യൂഗോ

5 വാദ്ധ്യാർ കഥകൾ ആരുടെ കഥകൾക്കുള്ള വിശേഷണമാണ്?

കാരൂർ നീലകണ്ഠപ്പിള്ള

6 കൂടിയാട്ടം പരിഷ്ക്കരിച്ചത് ഏതു രാജാവാണ്?

കുലശേഖര വർമൻ

7 കേരളകലാമണ്ഡലം സ്ഥാപിച്ചതാര്?

വള്ളത്തോൾ നാരായണമേനോൻ

8 ചാക്യാർകൂത്തിനുപയോഗിക്കുന്ന വാദ്യമേത്?

മിഴാവ്

9 മാധവിക്കുട്ടിയുടെ ആത്മകഥ ഏത്?

എന്റെകഥ

10 കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസമാസിക?

ഉപാദ്ധ്യായൻ

# പുതുമഴ

കാർമേഘത്തിൻ പടയെത്തി,
കൊടിയൊരു മിന്നൽപ്പിണരെത്തി,
'കുടുകുടു പടപട' ഇടിയെത്തി,
കാറ്റും മൂളി വിരുന്നെത്തി,
കുടകൾ പലതു നിവർന്നെത്തി,
'ക്രോം ക്രോം' തവള കരഞ്ഞെത്തി,
കാക്കേം കുയിലും കൊമ്പത്ത്
കലപില കൂടി പറന്നെത്തി.

# കടങ്കഥകൾ

മുറ്റത്തെ ചെപ്പിനടപ്പില്ല

*കിണർ

അകത്തറുത്താൽ പുറത്തറിയും

*ചക്ക

ഇത്തിരി മുറ്റത്തഞ്ചാളുകൾ

*കൈവിരലുകൾ

വട്ടത്തിൽ ചവിട്ടിയാൽ നീളത്തിലോടും

*സൈക്കിൾ


അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില

*പപ്പടം

ആനയ്ക്ക് നിൽക്കാൻതണലുണ്ട് ജീരകം പൊതിയാൻ ഇലയില്ല

*പുളിമരം





# നന്ദി

ഈ മാഗസിൻ പ്രവർത്തനങ്ങൾക്ക് ഞങ്ങളെ സഹായിച്ച എല്ലാവർക്കും നന്ദി.

എഡിറ്റർ

# നന്ദി